കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം
# ജനുവരി
# 2018




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം
## 2018

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം എല്ലാ ദിവസവും 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

2004 മുതൽ വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ളീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മലയാളീകരിക്കുന്നതിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് പ്രൈസ് ബുള്ളററിൻ എന്ന പ്രസിദ്ധീകരണം മലയാളീകരിക്കൽ. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി "കേരള പൊതുവിപണി വില അവലോകനം" എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും, വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

ഒപ്പ്

തിരുവനന്തപുരം — വി. രാമചന്ദ്രൻ

12/02/2018 — ഡയറക്ടർ ജനറൽ

## ആമുഖം

കേരളത്തിൽ പൊതു വിപണിയിൽ വിൽപനയ്ക്കായി എത്തിക്കുന്ന വസ്തുക്കളിൽ ഭൂരിഭാഗവും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാണ്. ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു. കാലാവസ്ഥാ വ്യതിയാനം, കലാപങ്ങൾ, സമരങ്ങൾ, ഇന്ധന വില വർദ്ധനവ്, സംസ്ഥാനാന്തര ബന്ധങ്ങൾ, അന്യസംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധീനിക്കുന്നു. ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനും വളരെ ശ്രമകരമായ ജോലിയായി മാറുന്നു ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനു വേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ച് അവലോകനം നടത്തി സർക്കാരിനു നൽകുന്ന ഉദ്യമമാണു ഈ പ്രസിദ്ധീകരണം.

ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിലെ പൊതു വിപണിയെ ഭീതിപ്പെടുത്തുന്ന രീതിയിൽ ഇന്ധന വില അടിക്കടി ഉയർന്നു കൊണ്ടിരിക്കുകയാണ്. കാർഷിക വിളകളുടെ ഉൽപാദനം എത്രത്തോളം വർദ്ധിച്ചാലും അതിന്റെ പ്രയോജനം കേരളം പോലുള്ള ഉപഭോക്തൃസംസ്ഥാനത്തിനു ലഭിക്കാതെ വരുന്നു. ഇന്ധന വില നിലവിലുള്ള രീതിയിൽ മുന്നോട്ട് പോയാൽ ഒരു വിലക്കയററ ഭീഷണിയാണ് കേരളത്തിനു മുന്നിലുള്ളത്.

പുതുവർഷത്തിൽ കാര്യമായ വിലക്കയററം പൊതുവിപണിയിൽ ദൃശ്യമായില്ല എന്നതാണു അവലോകനമാസമായ ജനുവരിയിലെ എടുത്തു പറയേണ്ടുന്ന പ്രത്യേകത.

അരിയുടെ വിലയിൽ ചില ഇനങ്ങൾ നേരിയൊരു വർദ്ധനവിന്റെ ലക്ഷണം കാണിച്ചെങ്കിലും പിന്നീട് സ്ഥിരത നിലനിർത്തി.

പയർ വർഗ്ഗങ്ങളിൽ ചെറുപയറിന്റെ വിലയിൽ വർദ്ധവിന്റേതായ ഒരു പ്രവണത ശ്രദ്ധയിൽപെട്ടു. എന്നാൽ ഉൽപാദന സംസ്ഥാനങ്ങളിൽ ഇക്കുറി നല്ല വിളവെടുപ്പ് തന്നെയാണു ലഭിച്ചതെന്നും ആയതിനാൽ കാര്യമായ വിലവർദ്ധനവിനു പയർ വർഗ്ഗങ്ങളുടെ കാര്യത്തിൽ സാധ്യത ഇല്ലെന്നുമാണു വിപണിയിൽ നിന്നുള്ള വിവരം.

ശബരിമല സീസൺ അവസാനിച്ചതോടെ അവലോകന മാസമായ ജനുവരി അവസാനത്തോടെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് ദൃശ്യമായി.

ഓഖി ചുഴലിക്കാററിനെ തുടർന്ന് മൽസ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറഞ്ഞതിനെ തുടർന്ന് വർദ്ധിച്ച, ഇറച്ചിക്കോഴിയുടെ വിലയിൽ പ്രതീക്ഷിച്ചതു പൊലെ തന്നെ അവലോകനമാസമായ ജനുവരിയിൽ കുറവ് രേഖപ്പെടുത്തി.

കോഴിമുട്ടയുടെ വില ജനുവരി അവസാനത്തോടെ കുറയുവാനുള്ള പ്രവണത കാണിച്ചു. ഫെബ്രുവരിയിലും ഈ കുറവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന. ഇന്ത്യയിലെ എല്ലാ പ്രധാന മുട്ട ഉൽപാദന കേന്ദ്രങ്ങളിലും ഈ കുറവ് ദൃശ്യമായിരുന്നു.

പച്ചക്കറിയുടെ വിലയിൽ വിലക്കയററം ദൃശ്യമായില്ല എന്നതാണു അവലോകനമാസമായ ജനുവരിയിലെ പൊതുവിപണിയുടെ എടുത്തു പറയേണ്ടുന്ന പ്രത്യേകത. ഏതാണ്ട് എല്ലാ ഇനം പച്ചക്കറികളുടെ വിലയിലും കാര്യമായ കുറവ് ദൃശ്യമായിരുന്നു

ഇറക്കുമതി കുരുമുളകിന്റെ കുറഞ്ഞ വില കിലോഗ്രാമിനു 500 രൂപയായി നിജപ്പെടുത്തിയെങ്കിലും കുരുമുളകിന്റെ വില, അവലോകന മാസത്തിൽ കുറവ് രേഖപ്പെടുത്തി. ഇറക്കുമതിയിൽ കാര്യമായ കുറവ് വന്നിട്ടില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

നിർമാണ മേഖലയിൽ സീസൺ ആരംഭിച്ചതോടെ സിമന്റിന്റെയും സ്റ്റീലിന്റെയും വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി.

## 1. ധാന്യങ്ങൾ

അവലോകനമാസമായ ജനുവരിയിൽ അരിയുടെ വിലയിൽ പൊതുവെ സ്ഥിരത രേഖപ്പെടുത്തി. ചിലയിനം അരിയുടെ വിലയിൽ നേരിയൊരു വർദ്ധനവ് ശ്രദ്ധയിൽപെട്ടു. എന്നാൽ കാര്യമായ ഒരു വർദ്ധനവിനു സാധ്യത ഇല്ലെന്നുതന്നെയാണു വിപണിയിൽ നിന്നുള്ള റിപ്പോർട്ട്. എന്നാൽ ഇന്ധന വില വർദ്ധനവ് ഇതേ രീതിയിൽ തുടർന്നാൽ റോഡ് മാർഗ്ഗം കൊണ്ടുവരുന്ന അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായേക്കാം.

കഴിഞ്ഞ വർഷത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ അരിയുടെ വില ഇപ്പോഴും ഉയർന്നു തന്നെയാണു നിൽക്കുന്നത്

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.82 | 41.88 | 41.84 | -0.10 | 10.63 |
| 2 | ചമ്പ | കിലോഗ്രാം | 37.25 | 43.00 | 43.00 | 0.00 | 15.44 |
| 3 | റോസ് | കിലോഗ്രാം | 37.43 | 42.09 | 41.95 | -0.33 | 12.08 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 35.77 | 37.52 | 37.68 | 0.43 | 5.34 |
| 5 | ജയ | കിലോഗ്രാം | 37.41 | 39.64 | 39.52 | -0.30 | 5.65 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.38 | 32.14 | 32.00 | -0.43 | -6.94 |



## II. പയർ വർഗ്ഗങ്ങൾ

മുൻ മാസത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ പയർ വർഗ്ഗങ്ങളിൽ ചെറുപയർ ,തുവരപ്പരിപ്പ് എന്നീ ഇനങ്ങളൊഴികെ ബാക്കി എല്ലാററിനും വിലക്കുറവ് രേഖപ്പെടുത്തി. ചെറുപയർ വിലയിൽ ജനുവരി മധ്യത്തോടെ തുടർച്ചയായ വർദ്ധനവാണു കാണുന്നത്. എന്നാൽ ഉൽപാദന സംസ്ഥാനങ്ങളിൽ ഇക്കുറി നല്ല വിളവെടുപ്പ് തന്നെയാണു ലഭിച്ചതെന്നും ആയതിനാൽ കാര്യമായ വിലവർദ്ധനവിനു പയർ വർഗ്ഗങ്ങളുടെ കാര്യത്തിൽ സാധ്യത ഇല്ലെന്നുമാണു വിപണിയിൽ നിന്നുള്ള വിവരം.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 83.21 | 83.87 | 84.79 | 1.10 | 1.90 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 96.34 | 89.90 | 89.38 | -0.58 | -7.22 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 122.93 | 94.38 | 92.20 | -2.31 | -25.00 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 119.50 | 87.09 | 84.45 | -3.03 | -29.33 |
| 5 | വൻപയർ | കിലോഗ്രാം | 76.43 | 72.71 | 71.91 | -1.10 | -5.91 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 113.75 | 84.06 | 84.41 | 0.42 | -25.79 |
| 7 | കടല(വലുത്) | കിലോഗ്രാം | 128.65 | 93.69 | 89.52 | -4.45 | -30.42 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 113.30 | 78.09 | 73.83 | -5.46 | -34.84 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 44.52 | 42.03 | 41.48 | -1.31 | -6.83 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 92.44 | 70.91 | 71.35 | 0.62 | -22.82 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

ഓഖി ചുഴലിക്കാററിനെ തുടർന്ന് മൽസ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറഞ്ഞതിനെ തുടർന്ന് വർദ്ധിച്ച ഇറച്ചിക്കോഴിയുടെ വിലയിൽ പ്രതീക്ഷിച്ചതു പൊലെ തന്നെ അവലോകനമാസമായ ജനുവരിയിൽ കുറവ് രേഖപ്പെടുത്തി. പല ജില്ലകളിലും ഈ കാലയളവിൽ വില 100 രൂപയിൽ താഴെ രേഖപ്പെടുത്തി.

കോഴിമുട്ടയുടെ വില ജനുവരി അവസാനത്തോടെ കുറയുവാനുള്ള പ്രവണത കാണിച്ചു. ഫെബ്രുവരിയിലും ഈ കുറവ് തുടരുമെന്നാണു വിപണിയിൽ നിന്നുള്ള സൂചന. ഇന്ത്യയിലെ എല്ലാ പ്രധാന മുട്ട ഉൽപാദന കേന്ദ്രങ്ങളിലും ഈ കുറവ് ദൃശ്യമായിരുന്നു.

ഉത്തരേന്ത്യയിൽ കരിമ്പിന്റെ ഉൽപാദനം വർദ്ധിച്ചതോടെ ഡിസംബർ മധ്യത്തോടെ പഞ്ചസാരയുടെ വിലയിൽ കണ്ടുവരുന്ന കുറവ് ജനുവരിയിലും തുടർന്നു ഫെബ്രുവരിയിലും ഈ നില തുടരുമെന്നു തന്നെയാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 41.91 | 41.10 | 39.09 | -4.89 | -6.73 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 149.96 | 140.46 | 140.29 | -0.12 | -6.45 |
| 3 | ശർക്കര | കിലോഗ്രാം | 55.48 | 57.33 | 55.77 | -2.72 | 0.52 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 50.60 | 58.56 | 54.87 | -6.30 | 8.44 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 495.71 | 519.71 | 521.61 | 0.37 | 5.22 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 109.83 | 104.16 | 104.02 | -0.13 | -5.29 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.96 | 147.89 | 147.86 | -0.02 | -0.07 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 158.93 | 161.00 | 160.73 | -0.17 | 1.13 |



## IV. എണ്ണയും ഏണ്ണക്കുരുക്കളും

ശബരിമല സീസൺ അവസാനിച്ചതോടുകൂടി ജനുവരി അവസാനത്തോടെ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് രേഖപ്പെടുത്തി. എന്നാൽ തേങ്ങയുടെ വിലയിൽ കണ്ടുവരുന്ന കുറവിനു ആനുപാതികമായ ഒരു കുറവ് വെളിച്ചെണ്ണയുടെ വിലയിൽ ദൃശ്യമല്ല. വരും മാസങ്ങളിൽ തേങ്ങയുടെയും വെളിച്ചെണ്ണയുടെയും വിലയിൽ കുറവ് വരാൻ സധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

ഈ ഇനത്തിൽ മററ് എല്ലാ എണ്ണ ഇനങ്ങൾക്കും നേരിയ തോതിലുള്ള വർദ്ധനവ് ദൃശ്യമായിരുന്നു.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 131.36 | 214.34 | 220.39 | 2.82 | 67.78 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 145.00 | 143.50 | 142.94 | -0.39 | -1.42 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 90.32 | 90.42 | 90.54 | 0.13 | 0.24 |
| 4 | നല്ലെണ്ണ | ലിററർ | 144.66 | 149.86 | 152.43 | 1.71 | 5.37 |
| 5 | കടുക് എണ്ണ | ലിററർ | 136.75 | 140.40 | 140.40 | 0.00 | 2.67 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 95.14 | 92.49 | 92.75 | 0.28 | -2.51 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 89.68 | 89.99 | 90.00 | 0.02 | 0.36 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 153.93 | 246.36 | 243.41 | -1.20 | 58.13 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

ഈ ഇനത്തിൽ തുടർച്ചയായ കുറവ് രേഖപ്പെടുത്തിയ ഉള്ളിയുടെ വില പല ജില്ലകലിലും അവലോകന മാസമായ ജനുവരിയിൽ 40 രൂപ വരെ റിപ്പോർട്ട് ചെയ്തു. മുളക് , പുളി ഇവയുടെ വിലയിൽ വർദ്ധനവ് രേഖപ്പെടുത്തി. ഫെബ്രുവരിയിലും ഈ കുറവ് തുടരാൻ സാധ്യതയുണ്ടെന്നാനു വിപണിയിൽ നിന്നുള്ള സൂചന.

ഇറക്കുമതി കുരുമുളകിന്റെ കുറഞ്ഞ വില കിലോഗ്രാമിനു 500 രൂപയായി നിജപ്പെടുത്തിയെങ്കിലും കുരുമുളകിന്റെ വില അവലോകന മാസത്തിൽ കുറവ് രേഖപ്പെടുത്തി.

ഇറക്കുമതിയിൽ കാര്യമായ കുറവ് വന്നിട്ടില്ലെന്നാണു വിപണിയിൽ നിന്നുള്ള സൂചന. കുരുമുളകിന്റെ ആഭ്യന്തര ഉൽപാദനം ആരംഭിച്ചിരിക്കെ കുരുമുളകിന്റെ വില വീണ്ടും വിലത്തകർച്ചയുടെ ഭീഷണിയിലാണ്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 111.04 | 87.76 | 90.04 | 2.60 | -18.91 |
| 2 | മുളക് | കിലോഗ്രാം | 129.27 | 99.46 | 99.88 | 0.42 | -22.74 |
| 3 | ഉള്ളി | കിലോഗ്രാം | 32.80 | 130.80 | 74.43 | -43.10 | 126.92 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 112.05 | 161.14 | 164.55 | 2.12 | 46.85 |
| 5 | ജീരകം | 100 ഗ്രാം | 28.27 | 29.20 | 29.52 | 1.10 | 4.42 |
| 6 | കടുക് | 100 ഗ്രാം | 8.96 | 8.76 | 8.95 | 2.17 | -0.11 |
| 7 | ഉലുവ | 100 ഗ്രാം | 10.77 | 9.16 | 9.16 | 0.00 | -14.95 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.96 | 18.25 | 18.18 | -0.38 | -4.11 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 17.21 | 8.46 | 8.26 | -2.36 | -52.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 737.69 | 535.15 | 529.62 | -1.03 | -28.21 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

ചേന ഒഴികെയുള്ള എല്ലാ ഇനങ്ങൾക്കും അവലോകന മാസമായ ജനുവരിയിൽ വിലക്കുറവ് രേഖപ്പെടുത്തി. ബീററ്റൂട്ട്, കാരററ് എന്നിവയുടെ വിലയിൽ കാര്യമായ കുറവ് രേഖപ്പെടുത്തി. മററ് സംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറി കിഴങ്ങ് വർഗ്ഗങ്ങളുടെ വരവ് കൂടിയതോടുകൂടിയാണു വിലയിൽ കുറവുണ്ടായത്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.30 | 36.26 | 37.54 | 3.53 | 0.64 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.75 | 21.93 | 21.34 | -2.69 | -28.27 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 25.29 | 24.64 | 24.39 | -1.01 | -3.56 |
| 4 | ചേമ്പ് | കിലോഗ്രാം | 54.96 | 46.74 | 45.57 | -2.50 | -17.09 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 28.52 | 39.04 | 32.07 | -17.85 | 12.45 |
| 6 | കാരററ് | കിലോഗ്രാം | 28.29 | 65.03 | 57.41 | -11.72 | 102.93 |



## VII. പച്ചക്കറി ഇനങ്ങൾ

അവലോകനമാസമായ ജനുവരിയിൽ പൊതുവിപണിയിൽ എടുത്തുപറയത്തക്ക മാററമുണ്ടായത് പച്ചക്കറിയുടെ വിലയാണ്. സവാള ഉൾപ്പെടെ പ്രധാനപ്പെട്ട എല്ലാ ഇനങ്ങൾക്കും ഈ കാലയളവിൽ കാര്യമായ വിലക്കുറവ് രേഖപ്പെടുത്തി. കഴിഞ്ഞ കുറേ മാസങ്ങളായി വർദ്ധിച്ചുകൊണ്ടിരുന്ന സവാളയുടെ വില പല ജില്ലകളിലും 40 ൽ താഴെ വരെ രേഖപ്പെടുത്തി. തക്കാളി, കാബേജ്, ബീൻസ് എന്നിവയുടെ വിലയിലും കാര്യമായ കുറവ് രേഖപ്പെടുത്തി. വഴയ്ക്ക(പച്ച)യുടെ വില മാത്രമാണു ഈ കാലയളവിൽ വർദ്ധനവ് രേഖപ്പെടുത്തിയത്. ഡിസംബർ മാസത്തെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ തക്കാളിയുടെ വിലയിൽ ഗണ്യമായ വിലക്കുറവ് ദൃശ്യമാണെങ്കിലും ജനുവരിയിലെ ട്രെന്റ് പരിശോധിക്കുമ്പോൾ വിലസ്ഥിരതയുടേതായ ചിത്രമാണു ലഭിക്കുന്നത്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.43 | 52.21 | 46.73 | -10.50 | 153.55 |
| 2 | വഴുതന | കിലോഗ്രാം | 31.25 | 32.29 | 29.89 | -7.43 | -4.35 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.55 | 20.51 | 18.68 | -8.92 | 0.70 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 41.45 | 19.67 | 18.29 | -7.02 | -55.87 |
| 5 | വെണ്ടക്ക | കിലോഗ്രാം | 55.00 | 32.20 | 31.09 | -3.45 | -43.47 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 48.95 | 44.51 | 30.59 | -31.27 | -37.51 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 50.86 | 48.43 | 41.04 | -15.26 | -19.31 |
| 8 | കാബേജ് | കിലോഗ്രാം | 23.04 | 38.60 | 26.68 | -30.88 | 15.80 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.68 | 46.60 | 43.59 | -6.46 | 2.13 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 22.93 | 22.06 | 19.86 | -9.97 | -13.39 |
| 11 | പടവലങ്ങ | കിലോഗ്രാം | 32.11 | 31.39 | 28.96 | -7.74 | -9.81 |
| 12 | തക്കാളി | കിലോഗ്രാം | 19.46 | 28.31 | 16.73 | -40.90 | -14.03 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.04 | 4.36 | 4.27 | -2.06 | -15.28 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 52.16 | 37.52 | 36.73 | -2.11 | -29.58 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.69 | 36.74 | 37.75 | 2.75 | 8.82 |



## VIII. ഭക്ഷ്യേതര വസ്തുക്കൾ

നിർമ്മാണ മേഖലയിൽ കാര്യമായ ഒരു വിലക്കയററത്തിന്റേതായ ഒരു പ്രവണത നിലനിൽക്കുന്നു. ഇന്ധന വില വർദ്ധനവ് കാര്യമായി ബാധിക്കാൻ സാധ്യതയുള്ള ഒരു മേഖലയാണു നിർമ്മാണ മേഖല. നിലവിൽ സിമന്റ്, സ്റ്റീൽ എന്നിവയുടെ വിലയിൽ തുടർച്ചയായ വിലക്കയററം ദൃശ്യമാണ്. വരും മാസത്തിലും ഇത് തുടരാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള സൂചന.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 17.87 | 19.86 | 19.86 | 0.00 | 11.14 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 26.45 | 27.34 | 27.30 | -0.15 | 3.21 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 485.71 | 514.29 | 507.14 | -1.39 | 4.41 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 409.38 | 380.88 | 391.25 | 2.72 | -4.43 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 403.13 | 375.88 | 386.25 | 2.76 | -4.19 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 41.79 | 45.56 | 50.18 | 10.14 | 20.08 |



## IX. പഴവർഗ്ഗങ്ങൾ

അവലോകനമാസമായ ജനുവരിയിൽ പൊതുവെ പഴ വർഗ്ഗങ്ങളിൽ ഒരു വിലക്കയററ പ്രവണത ദൃശ്യമായിരുന്നു. പഴ വർഗ്ഗങ്ങളിൽ എല്ലാ ഇനത്തിൽപെട്ട വാഴപ്പഴങ്ങളുടെയും വിലയിൽ വർദ്ധനവ് കാണപ്പെട്ടു. മാതളത്തിന്റെ വിലയിലും വർദ്ധനവ് രേഖപ്പെടുത്തി. ഓറഞ്ച്, മുസമ്പി എന്നിവയുടെ വിലയിൽ കുറവ് രേഖപ്പെടുത്തി.

തമിഴ്നാട്ടിൽ നിന്നുള്ള വാഴപ്പഴത്തിന്റെ വരവ് കുറഞ്ഞതോടുകൂടിയാണു വില വർദ്ധിക്കാൻ കാരണമെന്നും ഫെബ്രുവരിയിലും ഈ വിലക്കയററം തുടരാൻ ഇടയുണ്ടെന്നുമാണു വിപണിയിൽ നിന്നും കിട്ടുന്ന റിപ്പോർട്ട്.

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | 106.67 | 118.25 | 106.48 | -9.96 | -0.18 |
| 2 | മുസമ്പി | കിലോഗ്രാം | 62.69 | 62.92 | 59.33 | -5.72 | -5.37 |
| 3 | മാതളം | കിലോഗ്രാം | 120.83 | 87.75 | 94.06 | 7.19 | -22.16 |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | 120.00 | 111.63 | 114.29 | 2.38 | -4.76 |
| 5 | ഏത്തപ്പഴം | കിലോഗ്രാം | 57.41 | 42.87 | 41.40 | -3.43 | -27.89 |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | 29.21 | 32.20 | 37.61 | 16.79 | 28.73 |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | 52.79 | 58.73 | 59.23 | 0.86 | 12.21 |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | 47.27 | 49.64 | 53.37 | 7.50 | 12.90 |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | 28.71 | 31.50 | 32.88 | 4.38 | 14.49 |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | 95.56 | 95.00 | 95.00 | 0.00 | -0.58 |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | 20.16 | 21.91 | 21.32 | -2.71 | 5.76 |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | 80.35 | 75.58 | 77.50 | 2.54 | -3.55 |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | 50.13 | 58.36 | 59.00 | 1.10 | 17.69 |



# അനുബന്ധം

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | **37.82** | **41.88** | **41.84** | **-0.10** | **10.63** |
| 2 | ചമ്പ | കിലോഗ്രാം | **37.25** | **43.00** | **43.00** | **0.00** | **15.44** |
| 3 | റോസ് | കിലോഗ്രാം | **37.43** | **42.09** | **41.95** | **-0.33** | **12.08** |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | **35.77** | **37.52** | **37.68** | **0.43** | **5.34** |
| 5 | ജയ | കിലോഗ്രാം | **37.41** | **39.64** | **39.52** | **-0.30** | **5.65** |
| 6 | ഗോതമ്പ് | കിലോഗ്രാം | **34.38** | **32.14** | **32.00** | **-0.43** | **-6.94** |
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | **83.21** | **83.87** | **84.79** | **1.10** | **1.90** |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | **96.34** | **89.90** | **89.38** | **-0.58** | **-7.22** |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | **122.93** | **94.38** | **92.20** | **-2.31** | **-25.00** |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | **119.50** | **87.09** | **84.45** | **-3.03** | **-29.33** |
| 5 | വൻപയർ | കിലോഗ്രാം | **76.43** | **72.71** | **71.91** | **-1.10** | **-5.91** |
| 6 | തുവരപരിപ്പ് | കിലോഗ്രാം | **113.75** | **84.06** | **84.41** | **0.42** | **-25.79** |
| 7 | കടല(വലുത്) | കിലോഗ്രാം | **128.65** | **93.69** | **89.52** | **-4.45** | **-30.42** |
| 8 | കടല(ചെറുത്) | കിലോഗ്രാം | **113.30** | **78.09** | **73.83** | **-5.46** | **-34.84** |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | **44.52** | **42.03** | **41.48** | **-1.31** | **-6.83** |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | **92.44** | **70.91** | **71.35** | **0.62** | **-22.82** |
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | **41.91** | **41.10** | **39.09** | **-4.89** | **-6.73** |
| 2 | കരുപ്പെട്ടി | കിലോഗ്രാം | **149.96** | **140.46** | **140.29** | **-0.12** | **-6.45** |
| 3 | ശർക്കര | കിലോഗ്രാം | **55.48** | **57.33** | **55.77** | **-2.72** | **0.52** |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | **50.60** | **58.56** | **54.87** | **-6.30** | **8.44** |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | **495.71** | **519.71** | **521.61** | **0.37** | **5.22** |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | **109.83** | **104.16** | **104.02** | **-0.13** | **-5.29** |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | **147.96** | **147.89** | **147.86** | **-0.02** | **-0.07** |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | **158.93** | **161.00** | **160.73** | **-0.17** | **1.13** |
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | **131.36** | **214.34** | **220.39** | **2.82** | **67.78** |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | **145.00** | **143.50** | **142.94** | **-0.39** | **-1.42** |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | **90.32** | **90.42** | **90.54** | **0.13** | **0.24** |
| 4 | നല്ലെണ്ണ | ലിററർ | **144.66** | **149.86** | **152.43** | **1.71** | **5.37** |
| 5 | കടുക് എണ്ണ | ലിററർ | **136.75** | **140.40** | **140.40** | **0.00** | **2.67** |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | **95.14** | **92.49** | **92.75** | **0.28** | **-2.51** |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | **89.68** | **89.99** | **90.00** | **0.02** | **0.36** |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | **153.93** | **246.36** | **243.41** | **-1.20** | **58.13** |

| നം | ഇനങ്ങൾ | അളവ് | ജനുവരി 2017 | ഡിസംബർ 2017 | ജനുവരി 2018 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | 111.04 | 87.76 | 90.04 | 2.60 | -18.91 |
| 2 | മുളക് | കിലോഗ്രാം | 129.27 | 99.46 | 99.88 | 0.42 | -22.74 |
| 3 | ഉള്ളി | കിലോഗ്രാം | 32.80 | 130.80 | 74.43 | -43.10 | 126.92 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 112.05 | 161.14 | 164.55 | 2.12 | 46.85 |
| 5 | ജീരകം | 100 ഗ്രാം | 28.27 | 29.20 | 29.52 | 1.10 | 4.42 |
| 6 | കടുക് | 100 ഗ്രാം | 8.96 | 8.76 | 8.95 | 2.17 | -0.11 |
| 7 | ഉലുവ | 100 ഗ്രാം | 10.77 | 9.16 | 9.16 | 0.00 | -14.95 |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | 18.96 | 18.25 | 18.18 | -0.38 | -4.11 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 17.21 | 8.46 | 8.26 | -2.36 | -52.00 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 737.69 | 535.15 | 529.62 | -1.03 | -28.21 |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.30 | 36.26 | 37.54 | 3.53 | 0.64 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 29.75 | 21.93 | 21.34 | -2.69 | -28.27 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 25.29 | 24.64 | 24.39 | -1.01 | -3.56 |
| 4 | ചേമ്പ് | കിലോഗ്രാം | 54.96 | 46.74 | 45.57 | -2.50 | -17.09 |
| 5 | ബീററ്റൂട്ട് | കിലോഗ്രാം | 28.52 | 39.04 | 32.07 | -17.85 | 12.45 |
| 6 | കാരററ് | കിലോഗ്രാം | 28.29 | 65.03 | 57.41 | -11.72 | 102.93 |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 18.43 | 52.21 | 46.73 | -10.50 | 153.55 |
| 2 | വഴുതന | കിലോഗ്രാം | 31.25 | 32.29 | 29.89 | -7.43 | -4.35 |
| 3 | മത്തങ്ങ | കിലോഗ്രാം | 18.55 | 20.51 | 18.68 | -8.92 | 0.70 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 41.45 | 19.67 | 18.29 | -7.02 | -55.87 |
| 5 | വെണ്ടക്ക | കിലോഗ്രാം | 55.00 | 32.20 | 31.09 | -3.45 | -43.47 |
| 6 | ബീൻസ്(ഇംഗ്ളീഷ്) | കിലോഗ്രാം | 48.95 | 44.51 | 30.59 | -31.27 | -37.51 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 50.86 | 48.43 | 41.04 | -15.26 | -19.31 |
| 8 | കാബേജ് | കിലോഗ്രാം | 23.04 | 38.60 | 26.68 | -30.88 | 15.80 |
| 9 | പാവയ്ക്ക | കിലോഗ്രാം | 42.68 | 46.60 | 43.59 | -6.46 | 2.13 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 22.93 | 22.06 | 19.86 | -9.97 | -13.39 |
| 11 | പടവലങ്ങ | കിലോഗ്രാം | 32.11 | 31.39 | 28.96 | -7.74 | -9.81 |
| 12 | തക്കാളി | കിലോഗ്രാം | 19.46 | 28.31 | 16.73 | -40.90 | -14.03 |
| 13 | പച്ചമുളക് | 100 ഗ്രാം | 5.04 | 4.36 | 4.27 | -2.06 | -15.28 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 52.16 | 37.52 | 36.73 | -2.11 | -29.58 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 34.69 | 36.74 | 37.75 | 2.75 | 8.82 |

| നം | ഇനങ്ങൾ | അളവ് | നവംബർ 2016 | ഒക്ടോബർ 2017 | നവംബർ 2017 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **17.87** | **19.86** | **19.86** | **0.00** | **11.14** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **26.45** | **27.34** | **27.30** | **-0.15** | **3.21** |
| 3 | വിറക് (നാടൻ) | ക്വിന്റൽ | **485.71** | **514.29** | **507.14** | **-1.39** | **4.41** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **409.38** | **380.88** | **391.25** | **2.72** | **-4.43** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **403.13** | **375.88** | **386.25** | **2.76** | **-4.19** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **41.79** | **45.56** | **50.18** | **10.14** | **20.08** |
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **106.67** | **118.25** | **106.48** | **-9.96** | **-0.18** |
| 2 | മുസമ്പി | കിലോഗ്രാം | **62.69** | **62.92** | **59.33** | **-5.72** | **-5.37** |
| 3 | മാതളം | കിലോഗ്രാം | **120.83** | **87.75** | **94.06** | **7.19** | **-22.16** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **120.00** | **111.63** | **114.29** | **2.38** | **-4.76** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **57.41** | **42.87** | **41.40** | **-3.43** | **-27.89** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **29.21** | **32.20** | **37.61** | **16.79** | **28.73** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **52.79** | **58.73** | **59.23** | **0.86** | **12.21** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **47.27** | **49.64** | **53.37** | **7.50** | **12.90** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **28.71** | **31.50** | **32.88** | **4.38** | **14.49** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **95.56** | **95.00** | **95.00** | **0.00** | **-0.58** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **20.16** | **21.91** | **21.32** | **-2.71** | **5.76** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **80.35** | **75.58** | **77.50** | **2.54** | **-3.55** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **50.13** | **58.36** | **59.00** | **1.10** | **17.69** |